**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2765** **13-02-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് നിർമ്മാണം കഴിഞ്ഞിട്ടും വൈദ്യുതി പോസ്റ്റുകൾ റോഡുകളിൽ നിൽക്കുന്നത് വളരെയധികം അപകടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് വികസനം നടത്തുന്ന ഏജൻസി, പോസ്റ്റുകൾ റോഡിന്റെ വശത്തേക്ക് മാറ്റുന്നതിനുള്ള തുക കെ.എസ്.ഇ.ബി.യിൽ അടയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പോസ്റ്റുകൾ റോഡരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതാണ്. |
| (ബി) | അരൂർ മണ്ഡലത്തിൽ ഏതൊക്കെ റോഡുകളിലാണ് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ വൈദ്യുതി പോസ്റ്റുകൾ റോഡുകളിൽ നിൽക്കുന്നത്; വിവരം ലഭ്യമാക്കുമോ; | (ബി) | അരൂർ മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി വകുപ്പിന്റെ റോഡ് പണി പൂർത്തിയായതിനുശേഷവും തൈക്കാട്ടുശ്ശേരി - മാക്കേകടവ് റോഡിലും മാണിയാതൃക്കൽ - തളിയാംപറമ്പ് റോഡിലും വൈദ്യുതി പോസ്റ്റുകൾ റോഡിലേയ്ക്ക് കയറി നില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പോസ്റ്റുകൾ ഉടനെ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (സി) | ഇത്തരത്തിലുള്ള പോസ്റ്റുകൾ മാറ്റുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | അരൂർ മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി വകുപ്പിന്റെ റോഡ് പണി പൂർത്തിയായതിനുശേഷവും തൈക്കാട്ടുശ്ശേരി - മാക്കേകടവ് റോഡിലും മാണിയാതൃക്കൽ - തളിയാംപറമ്പ് റോഡിലും വൈദ്യുതി പോസ്റ്റുകൾ റോഡിലേയ്ക്ക് കയറി നില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പോസ്റ്റുകൾ ഉടനെ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ